നമ്പർ. എ2/83302/2019/റ്റിസി

ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്, കേരളം,
രണ്ടാം നില, ട്രാൻസ് ടവേഴ്സ്, വഴുതക്കാട്, തിരുവനന്തപുരം-14,
[☎0471-2333337/2333317 ഫാക്സ് 0471-2333314]
www.keralamvd.com [ഇ-മെയിൽ - tcoffice@keralamvd.gov.in ]
തീയ്യതി,06.02.2019

പ്രേഷകൻ

ട്രാൻസ്പോർട്ട് കമ്മീഷണർ,
തിരുവനന്തപുരം.

സ്വീകർത്താവ് ,

എല്ലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാർ
എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർ
എല്ലാ ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർ

സർ,

വിഷയം :- ***മോട്ടോർ വാഹന വകുപ്പ്*** — പൊതുസ്ഥലംമാറ്റം 2019- Spark മുഖേനയുള്ള അപേക്ഷ സമർപ്പണം സുഗമമാക്കുന്നതിന് ജീവനക്കാരുടെ വിശദവിവരങ്ങൾ അപ്ഡേറ്റ് ചെയ്യുന്നത് — സംബന്ധിച്ച്

സൂചന :- സർക്കാർ കത്ത് നം.സി3/511/2018-ട്രാൻസ് തീയതി 24.12.2018

മോട്ടോർ വാഹന വകുപ്പിലെ പൊതുസ്ഥലം മാറ്റം 2019 വർഷം മുതൽ സ്പാർക്കുമായി ബന്ധിപ്പിച്ചുകൊണ്ട് അപേക്ഷ ഓൺലൈൻ ആയി നടത്തേണ്ടതാണെന്ന് സൂചന പ്രകാരം സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. കുറ്റമറ്റ രീതിയിൽ പൊതു സ്ഥലംമാറ്റം നടത്തുന്നതിന് ജീവനക്കാരുടെ വിശദവിവരങ്ങൾ സ്പാർക്കിൽ നിന്നും ലഭിക്കേണ്ടതുണ്ട്. സ്പാർക്കിലുള്ള വിവരങ്ങൾ ഉടൻ തന്നെ സർവ്വീസ് ബുക്ക് പരിശോധിച്ച് പുതുക്കേണ്ടതുണ്ട്. പുതുക്കികഴിഞ്ഞാൽ മാത്രമേ യഥാവിധമുള്ള വിവരങ്ങൾ കണക്കിലെടുത്ത് പൊതുസ്ഥലം മാറ്റം നടത്തുന്നതിന് കഴിയൂ. ആയതിനാൽ പൊതുസ്ഥലം മാറ്റം നടത്തുന്നതിനാവശ്യമായ പൂർണ്ണമായ ഡാറ്റാ ലഭ്യമാകുന്നതിന് താഴെപ്പറയുന്ന കാര്യങ്ങൾ അടിയന്തിരമായി ചെയ്യേണ്ടതുണ്ട്.

1. സ്പാർക്കിലെ എംപ്ലോയിസ് പ്രൊഫൈൽ എന്ന മെനുവിൽ ഉദ്യോഗസ്ഥരുടെ സർവ്വീസ് വിവരങ്ങൾ പരിപൂർണ്ണമായും അപ്ഡേറ്റ് ചെയ്യുക, പരിശോധിക്കുക (verify) വിരാമമിടുക (Lock). ഓരോ ഉദ്യോഗസ്ഥന്റെയും/ഉദ്യോഗസ്ഥയുടെയും സർവ്വീസ് ബുക്ക് സൂക്ഷിക്കുന്ന അധികാരിക്കാണ് ഇതിന്റെ ചുമതല. ഇതിന്റെ കൃത്യത ഉറപ്പുവരുത്തേണ്ടത് ഓഫീസ് മേലധികാരിയുടെ ഉത്തരവാദിത്വമാണ്.

2. എല്ലാ തരത്തിലുള്ള ലീവുകൾ, ഡെപ്യൂട്ടേഷനുകൾ, അച്ചടക്ക നടപടികൾ, സർവ്വീസ് ക്വാട്ട പ്രകാരമുള്ള അംഗീകൃത തുടർ പഠനങ്ങൾ തുടങ്ങിയവ അപ്ഡേറ്റ് ചെയ്യേണ്ടതാണ്.

3. District Recruitment Board പ്രകാരമുള്ള പോസ്റ്റുകൾ അതിനനുസൃതമായി അപ്ഡേറ്റ് ചെയ്യേണ്ടതാണ്.

4. ഓരോ കേഡറിന്റെയും അനുവദനീയമായ എണ്ണം ഓരോ ഓഫീസിലും എത്രയെന്ന് കണക്കാക്കണം.

മേൽ പറഞ്ഞ നിർദ്ദേശങ്ങൾ പാലിച്ചതിനുശേഷം മാത്രമേ സ്പാർക്ക് മുഖാന്തിരം അപേക്ഷ സമർപ്പിക്കുവാൻ കഴിയുകയുള്ളൂ. ആയതിനാൽ മോട്ടോർ വാഹന വകുപ്പിലെ മുഴുവൻ ജീവനക്കാരുടെയും സേവന ചരിത്രം സംബന്ധിച്ച വിവരങ്ങൾ അവരുടെ സേവന പുസ്തകങ്ങൾ പരിശോധിച്ച് ഉറപ്പ് വരുത്തി ആയത് **ഫെബ്രുവരി 22-നകം** സ്പാർക്കിൽ അപ്ഡേറ്റ് ചെയ്ത് നടപടി വിവരം ഈ കാര്യാലയത്തിൽ അറിയിക്കുവാൻ നിർദ്ദേശിക്കുന്നു.

**ഉദ്യോഗസ്ഥരുടെ വിവരങ്ങൾ വളരെ സൂക്ഷ്മതയോടെ സ്പാർക്കിൽ അപ്ഡേറ്റ് ചെയ്യേണ്ടതും, മേലധികാരി പരിശോധിച്ച് ലോക്ക് ചെയ്യേണ്ടതുമാണ്. തെറ്റായ വിവരങ്ങൾ രേഖപ്പെടുത്തിയാൽ അത് ഉദ്യോഗസ്ഥരുടെ സ്ഥലമാറ്റത്തിൽ പാളിച്ചകൾ ഉണ്ടാകുന്നതിന് കാരണമാകും. അങ്ങനെ സംഭവിച്ചാൽ ആയതിന്റെ പൂർണ്ണ ഉത്തരവാദിത്വം അതാത് ഓഫീസ് മേലധികാരിയിൽ നിക്ഷിപ്തമായിരിക്കുമെന്ന് അറിയിക്കുന്നു.**

വിശ്വസ്തതയോടെ,
ഒപ്പ്
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ
ട്രാൻസ്പോർട്ട് കമ്മീഷണർക്ക് വേണ്ടി

അംഗീകാരത്തോടെ

6/2/19
ജൂനിയർ സൂപ്രണ്ട്